## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6458 21.11.2019 ൽ മറുപടി നൽകേണ്ടത്.

### ബധിര വിദ്യാലയങ്ങളിലെ പഠന-പഠനേതര പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ഉണ്ണി<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.വി.കെ.പ്രശാന്ത്<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വിവിധ സർക്കാർ, എയ്ഡഡ് ബധിര വിദ്യാലയങ്ങളിലെ പഠന-പഠനേതര പ്രവർത്തനങ്ങളെക്കുറിച്ചും പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ചും അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) | 2013-14 വർഷം 'ബധിര വിദ്യാലയങ്ങളിലെ അവസ്ഥാപഠനം' എന്ന ഗവേഷണ പഠനം എസ്.സി.ഇ.ആർ.ടി. നടത്തിയിട്ടുണ്ട്. ഇതിൽ നിലവിലെ പാഠ്യപദ്ധതി, അടിസ്ഥാനസൗകര്യം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാലയങ്ങളിൽ സാധാരണ വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളാണ് പഠിപ്പിക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബധിര വിദ്യാലയങ്ങളിൽ സാധാരണ വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളാണ് ഇപ്പോൾ പഠിപ്പിക്കുന്നത്. |
| (സി) | ബധിര വിദ്യാലയങ്ങളിലെ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി. തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കുമോ; | (സി) | ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ ബധിര കുട്ടികൾക്കായി പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഒന്നാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ തയ്യാറാക്കി വരുന്നു. കൂടാതെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികൾക്കായി ഉദ്ഗ്രഥിത പ്രവേശിക പാഠവും തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ബധിര വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി തയ്യാറാക്കിവരുന്ന പുസ്തകങ്ങൾ എന്നു മുതൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) & (ഇ) | 2020-21 അദ്ധ്യയന വർഷം മുതൽ പാഠപുസ്തക വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് |
| (ഇ) | കാലതാമസം ഒഴിവാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ